

നടുവിലിലെ അക്രമത്തിൽ പരിക്കേറ്റ് തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ കഴിയുന്ന കെ.എം. ജോസഫിനെ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സന്ദർശിക്കുന്നു.

മൂസാൻകുട്ടിയെ വധിക്കാനായിരുന്നു മുസ്ലിംലീഗിന്റെ പദ്ധതി: കോടിയേരി

തളിപ്പറമ്പ: മുസ്ലിംലീഗ് വിട്ട് സി.പി.എമ്മിൽ ചേർന്ന മൂസാൻകുട്ടി നടുവിലിനെ ബോംബെറിഞ്ഞ് വധിക്കാനുള്ള പദ്ധതിയാണ് നടുവിലിൽ മുസ്ലിം ലീഗ് നടപ്പിലാക്കാൻ ശ്രമിച്ചതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കഴിഞ്ഞ ദിവസം നടുവിലിലെ അക്രമത്തിൽ പരിക്കേറ്റ സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സി.പി.എം പ്രവർത്തകരെ സന്ദർശിക്കാനെത്തിയ കോടിയേരി ബാലകൃഷ്ണൻ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു. ജില്ലയിൽ മുസ്ലിംലീഗിൽ നിന്ന് വലിയതോതിൽ കൊഴിഞ്ഞ് പോക്കാണ് നടക്കുന്നത്. അക്രമം കൊണ്ട് ഇതിനെ പ്രതിരോധിക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഇനിയും അക്രമം നടത്തിയാൽ മുസ്ലിംലീഗിന് കനത്ത വില നൽകേണ്ടിവരുമെന്നും അദേഹം പറഞ്ഞു. ജില്ലാ കമ്മിറ്റിയംഗം കെ.സന്തോഷ്, ഏരിയാ സെക്രട്ടറി പി.മുകുന്ദൻ, സഹകരണ ആശുപത്രി പ്രസിഡണ്ട് സി.കൃഷ്ണൻ എന്നിവരും അദേഹത്തോടൊപ്പമുണ്ടായിരുന്നു.

കാറിടിച്ച് സൈക്കിൾ യാത്രികനായ വിദ്യാർത്ഥിക്ക് ഗുരുതരം

പരിയാരം: സൈക്കിളിൽ കാറിടിച്ച് വിദ്യാർത്ഥിക്ക് ഗുരുതരമായി പരിക്കേറ്റു. വെള്ളൂർ പുതിയങ്കാവിലെ ആനടിൽ കിഴക്കിനകത്ത് ഹരിലാലിന്റെ മകൻ ശ്രീശാന്ത് (12) നെ മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകുന്നേരം 6 മണിയോടെ വെള്ളൂർ ആലിൻകീഴിന് സമീപത്തെ റോഡരികിലാണ് അപകടം. കരിവെള്ളൂർ ഭാഗത്ത് നിന്ന് വന്ന കാറാണ് ഇടിച്ചത്.

താഴെചൊറുക്കളയിൽ ബസ് തടഞ്ഞ യുവാക്കളെ പോലീസ് ചോദ്യം ചെയ്യുന്നു

താഴെ ചൊറുക്കളയിൽ ബസ് തടഞ്ഞു; മജിസ്ട്രേട്ടിന്റെ വാഹനം ഗതാഗതക്കുരുക്കിൽപ്പെട്ടു

തളിപ്പറമ്പ: സ്റ്റോപ്പിൽ ബസ് നിർത്തുന്നില്ലെന്നാരോപിച്ച് താഴെ ചൊറുക്കളയിൽ ഒരു സംഘം യുവാക്കൾ ബസ് തടഞ്ഞു. ചന്ദനക്കാംപാറയിലേക്ക് പോവുകയായിരുന്ന കെ.എൽ 59 കെ 4051 എം.ബി.എസ് ബസാണ് തടഞ്ഞത്. ബസ് തടഞ്ഞതോടെ ഇതുവഴിയുള്ള വാഹനഗതാഗതം തടസപ്പെട്ടു. തടയപ്പെട്ട ബസ് നടുറോഡിലായതാണ് ഗതാഗതം തടസപ്പെടാനിടയാക്കിയത്. നടുറോഡിലാണ് ബസ് തടഞ്ഞതെന്ന് ജീവനക്കാർ പറയുമ്പോൾ, റോഡരികിൽ തടഞ്ഞ ബസ് ജീവനക്കാർ നടുറോഡിൽ കയറ്റിയിടുകയായിരുന്നുവെന്ന് ബസ് തടഞ്ഞവർ ആരോപിച്ചു. ഈ സമയം തളിപ്പറമ്പിൽ നിന്ന് ഇരിക്കൂർ പെരുവളത്തുപറമ്പ് ഗ്രാമീണ കോടതിയിലേക്ക് പോവുകയായിരുന്ന തളിപ്പറമ്പ് മജിസ്ട്രേട്ടും ജീവനക്കാരും സഞ്ചരിച്ച വാഹനവും ഗതാഗതക്കുരുക്കിൽപ്പെട്ടു. മജിസ്ട്രേട്ടിന്റെ വാഹനത്തിന് പോകാൻ വഴിയൊരുക്കാൻ ഡ്രൈവർ ആവശ്യപ്പെട്ടുവെങ്കിലും ആരും സന്നദ്ധരായില്ല. ഇതേ തുടർന്ന് തളിപ്പറമ്പ് പോലീസിനെ വിവരമറിയിച്ചു. അഡീ. എസ്.ഐ പ്രേമന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തുമ്പോഴേക്കും നാട്ടുകാർ നടുറോഡിലെ ബസ് മാറ്റിച്ച് ഗതാഗതം പുനഃസ്ഥാപിച്ചിരുന്നു. പോലീസ് ബസ് തടഞ്ഞവരെ കുറിച്ച് അന്വേഷണം തുടങ്ങിയിട്ടുണ്ട്.

ജോസഫ് കുടുംബസമേതമെത്തി; തളിപ്പറമ്പ ഡി.വൈ.എസ്.പിക്ക് നന്ദി പറയാൻ

തളിപ്പറമ്പ: അപമാനഭാരത്താൽ കുനിഞ്ഞ ശിരസുമായി കഴിഞ്ഞ ജോസഫിന് ആത്മവിശ്വാസം നൽകി ശിരസ് ഉയർത്താൻ കരുത്തേകിയ പോലീസ് ഉദ്യോഗസ്ഥന് നന്ദി. സ്വന്തം ചരമവാർത്തയും പരസ്യവും പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് മുങ്ങിയ കുറ്റിക്കോലിലെ മേലുകുന്നേൽ ജോസഫ് ഇന്നലെ വൈകുന്നേരം കുടുംബസമേതം എത്തിയത് തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാലന് നന്ദി പറയാനായിരുന്നു.

ഒരു നിമിഷം മനസ് ചാഞ്ചാടിയപ്പോഴാണ് ജീവിതത്തിലെ ഏറ്റവും വലിയ അബദ്ധം ജോസഫ് കാണിച്ചത്. പിന്നീടാണ് വീട്ടുകാരെയും നാട്ടുകാരെയും എങ്ങനെ അഭിമുഖീകരിക്കുമെന്ന ആശങ്ക പിടികൂടിയത്. അതോടെ കോട്ടയത്തേക്കും മംഗലാപുരത്തേക്കും ഒക്കെ തീവണ്ടിയിൽ സഞ്ചാരമായിരുന്നു. ഒടുവിൽ കോട്ടയത്ത് പോലീസ് പിടിയിലായതോടെ നാട്ടിലേക്ക് മടക്കികൊണ്ടുപോകുന്നതോർത്ത് ശിരസ് കുനിഞ്ഞു. എന്നാൽ അതിനിടയിൽ വന്ന തളിപ്പറമ്പ ഡി.വൈ.എസ്.പിയുടെ ഫോൺകോൾ അദേഹത്തിന് ആത്മവിശ്വാസം പകർന്നു. സംഭവത്തെ കുറിച്ചൊന്നും ചോദിക്കാതെ കുടുംബക്കാരിൽ ഒരാളെ പോലെ കുശലാന്വേഷണം നടത്തിയ ഡി.വൈ.എസ്.പിയുടെ ഇടപെടലിലൂടെ ജോസഫിന്റെ മനസ് തണുത്തു. തളിപ്പറമ്പിൽ ജോസഫിനെ ഇന്നലെ പുലർച്ചെ എത്തിച്ചപ്പോൾ ആദ്യം വീട്ടിലേക്കാണ് കൊണ്ടുപോയത്. അവിടെ വീട്ടുകാർക്കൊപ്പം സമയം ചെലവഴിക്കാൻ അനുവദിച്ച്, കുളിച്ച് ഭക്ഷണവും കഴിച്ചായിരുന്നു സ്റ്റേഷനിലേക്ക് കൊണ്ടുവന്നത്. ഒരു നിമിഷം പോലും ജോസഫിനെ സ്റ്റേഷനിൽ ഇരുത്താതെ കോടതിയിലേക്ക് യാത്രയാവുകയും ചെയ്തു. ജോസഫുമായി ഡി.വൈ.എസ്.പി ഏറെ സമയം സംസാരിച്ചു. അപ്പോഴെല്ലാം തെറ്റുചെയ്തുവെന്ന കുറ്റബോധം ഇല്ലാതാക്കുന്ന തരത്തിലായിരുന്നു സംസാരം. ഒരാഴ്ചയോളം പോലീസിനെ കബളിപ്പിച്ച ജോസഫിന് എതിരേ വേണമെങ്കിൽ കേസെടുക്കാമായിരുന്നു. എന്നാൽ ഡി.വൈ.എസ്.പി അതിനും മുതിർന്നില്ല. കുടുംബക്കാരുടെ സ്നേഹ തണലിലേക്ക് പുതിയൊരു മനുഷ്യനായാണ് ജോസഫിനെ പറഞ്ഞുവിട്ടത്. അതിന്റെ നന്ദി അറിയിക്കാനായിരുന്നു അദേഹം വൈകുന്നേരത്തോടെ കുടുംബസമേതം എത്തിയത്. ജീവിതത്തിൽ ഒറ്റപ്പെട്ടുപോകുന്നുവെന്ന തോന്നലുണ്ടാകുമ്പോഴൊക്കെ താനുമായി ബന്ധപ്പെടണമെന്ന് ഉപദേശിച്ചാണ് ജോസഫിനെയും കുടുംബാംഗങ്ങളെയും ഡി.വൈ.എസ്.പി യാത്രയാക്കിയത്.

സഹപ്രവർത്തകയെ ബലാൽസംഗം ചെയ്തതിന് യൂത്ത് കോൺ.മണ്ഡലം പ്രസിഡണ്ടിനെതിരെ കേസ്

ചെറുപുഴ: വിവാഹ വാഗ്ദാനം നൽകി പല വിധത്തിലും ചൂഷണം ചെയ്തുവെന്ന യൂത്ത് കോൺഗ്രസ് മണ്ഡലം ഭാരവാഹിയായ യുവതിയുടെ പരാതിയിൽ മണ്ഡലം പ്രസിഡണ്ടിനെതിരെ ബലാൽസംഗത്തിന് പോലീസ് കേസെടുത്തു. യൂത്ത് കോൺഗ്രസ് ചെറുപുഴ മണ്ഡലം പ്രസിഡണ്ട് മിഥിലാജ് പുളിങ്ങോത്തിനെതിരെയാണ് കോഴിച്ചാൽ സ്വദേശിനിയായ 23 കാരിയുടെ പരാതി പ്രകാരം കേസെടുത്തത്. മംഗലാപുരത്ത് ബി.ഫാം വിദ്യാർത്ഥിനിയായിരുന്ന യുവതി പഠനത്തിന് ശേഷം പുളിങ്ങോത്തെ ഒരു സ്ഥാപനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെയാണ് മിഥിലാജുമായി പരിചയത്തിലാകുന്നതെന്ന് പരാതിയിൽ പറയുന്നു. പിന്നീട് മിഥിലാജ് യുവതിയെ യൂത്ത് കോൺഗ്രസ് മണ്ഡലം ഭാരവാഹിയായ നിയമിച്ചു. തങ്ങൾ പ്രണയത്തിലാവുകയും പലതവണ ഒരുമിച്ച് പുറത്തുപോവുകയും ചെയ്തുവെന്നും യുവതി പരാതിയിൽ പറയുന്നു. വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ടവരാണ് ഇരുവരും. മിഥിലാജിന്റെ വീട്ടുകാർ ഈ ബന്ധത്തെ എതിർത്തതോടെ കോൺഗ്രസ് പ്രാദേശിക നേതൃത്വം ഇടപെട്ട് താൽക്കാലിക ഒത്തുതീർപ്പ് വരുത്തുകയും ചെയ്തുവത്രെ. കുറച്ച് കാലത്തിന് ശേഷം തങ്ങൾ വീണ്ടും പ്രണയത്തിലാവുകയും പിരിയാൻ പറ്റാത്ത വിധത്തിൽ ബന്ധം വളരുകയും, പല പ്രാവശ്യം മിഥിലാജുമായി പുറത്തുപോവുകയും രാത്രിയിൽ പലതവണ തന്റെ അടുക്കൽ വരികയും വിവാഹ വാഗ്ദാനം നൽകി ചൂഷണം ചെയ്യുകയും ചെയ്തുവെന്നും യുവതി പറയുന്നു. വീട്ടുകാർ വീണ്ടും അറിയുമെന്ന സ്ഥിതി വന്നതോടെ മിഥിലാജ് തന്നെ ഒഴിവാക്കാൻ ശ്രമിക്കുകയും, താൻ വിളിച്ചാൽ ഫോൺ എടുക്കുകയോ ചെയ്യുന്നില്ലെന്നും തന്നെ ചതിക്കുകയായിരുന്നു ഇയാളുടെ ലക്ഷ്യമെന്നും ചൂണ്ടിക്കാട്ടിയാണ് യുവതി പരാതി നൽകിയത്. ഇതിനിടെ കോൺഗ്രസ് നേതാക്കൾ ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിന് ഒരുമാസത്തെ സമയം വേണമെന്നും അതുവരെ കേസിന് പോകരുതെന്നും ആവശ്യപ്പെട്ടുവത്രെ. ഈ സമയം കൊണ്ട് മിഥിലാജ് നാട്ടിൽ നിന്ന് വിദേശത്തേക്ക് കടക്കാൻ ശ്രമിക്കുകയാണത്രെ. തന്നെ അപായപ്പെടുത്തുന്നതിനും മിഥിലാജ് ശ്രമിക്കുന്നതായി യുവതി പരാതിയിൽ പറയുന്നു. പരാതിയിൽ വിവാഹ വാഗ്ദാനം നൽകി ചൂഷണം ചെയ്തുവെന്ന് മാത്രമാണ് യുവതി പറഞ്ഞതെങ്കിലും, പോലീസ് മൊഴിയെടുത്തപ്പോഴാണ് ബലാൽസംഗ ആരോപണം ഉന്നയിച്ചത്. തുടർന്ന് ഐ.പി.സി. 376 വകുപ്പ് പ്രകാരം മിഥിലാജിനെതിരെ കേസെടുക്കുകയായിരുന്നു. പയ്യന്നൂർ സി.ഐക്കാണ് അന്വേഷണ ചുമതല. കേസെടുത്തതിനെ തുടർന്ന് മിഥിലാജ് ഒളിവിൽ പോയിരിക്കുകയാണ്. ഇയാൾക്കായി പോലീസ് തിരച്ചിൽ തുടങ്ങി. നേരത്തെ യൂത്ത് ലീഗ് പ്രവർത്തകനായിരുന്ന മിഥിലാജ് രണ്ടര വർഷം മുമ്പാണ് ലീഗ് വിട്ട് കോൺഗ്രസിലെത്തിയത്. ഇയാളെ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ടായി നിയമിച്ചതുമായി ബന്ധപ്പെട്ട് ചെറുപുഴയിലെ കോൺഗ്രസിനുള്ളിൽ രൂക്ഷമായ ഗ്രൂപ്പ് തർക്കങ്ങൾ ഉടലെടുത്തിരുന്നു. വിവാഹ വാഗ്ദാനം നൽകി തന്നെ ചൂഷണം ചെയ്തുവെന്ന് കാട്ടി യുവതി പോലീസിൽ നൽകിയ പരാതിയും കോൺഗ്രസിലെ ഒരു വിഭാഗം ചോർത്തി സോഷ്യൽ മീഡിയ വഴി വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. യുവതിയുടെ പേര് ഉൾപ്പെടെ സൂചിപ്പിച്ചാണ് സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം.

കേരള വനം - വന്യജീവി വകുപ്പ്
നോർത്തേൺ സർക്കിൾ, കണ്ണൂർ
25-ാമത് കേരള സംസ്ഥാന വനം കായികമേള
2017 ഡിസംബർ 6 മുതൽ 8 വരെ
ഉദ്ഘാടനം
അഡ്വ: കെ.രാജു
സമ്മാനദാനം
ശ്രീമതി. കെ.കെ ശൈലജ ടീച്ചർ
ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ

സംസ്ഥാന വനംവകുപ്പ് കായികമേള മാങ്ങാട്ടുപറമ്പ് കെ.എ.പി. ഗ്രൗണ്ടിൽ മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാന വനം കായികമേള ഉദ്ഘാടനം ചെയ്തു

ധർമ്മശാല: ദേശീയവനം കായികമേളയുടെ മുന്നോടിയായി 25-ാമത് സംസ്ഥാന വനം കായികമേള മാങ്ങാട്ടുപറമ്പ് സർദാർ വല്ലഭായി പട്ടേൽ സ്പോർട്സ് കോംപ്ലക്സിൽ വനംവകുപ്പ് മന്ത്രി അഡ്വ. കെ. രാജു ഉദ്ഘാടനം ചെയ്തു. ടി.വി. രാജേഷ് എം.എൽ.എ അധ്യക്ഷനായി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ്, ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ. ശ്യാമള ടീച്ചർ, ഇ. പ്രദീപ് കുമാർ ഐ.എ.എഫ്.എസ്, കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ, സി.പി.ഐ ജില്ലാ സെക്രട്ടറി പി. സന്തോഷ്കുമാർ, അബ്ദുൾസമദ് കടമ്പേരി സംസാരിച്ചു. ഡോ. എച്ച്. നാഗേഷ് പ്രഭു ഐ.എഫ്.എസ് സ്വാഗതവും ശ്രാവൺകുമാർ വർമ്മ ഐ.എഫ്.എസ് നന്ദിയും പറഞ്ഞു. കായികമേള നാളെ സമാപിക്കും.

ബാബ്റി ദിനത്തോടനുബന്ധിച്ച് മുസ്ലിംലീഗ് നടത്തിയ നടത്തിയ ധർണ്ണ സി.പി.വി അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു.

SDPI തളിപ്പറമ്പ മണ്ഡലം കമ്മിറ്റി
പ്രതിഷേധ ധർണ്ണ
രാജ്യം അപമാനിക്കപ്പെട്ട

എസ്.ഡി.പി.ഐ ധർണ്ണ സജീർ കീച്ചേരി ഉദ്ഘാടനം ചെയ്യുന്നു.

ബാബ്റി ദിനം; ലീഗ്, എസ്.ഡി.പി.ഐ പ്രതിഷേധ ധർണ്ണ നടത്തി

തളിപ്പറമ്പ: ബാബ്റി മസ്ജിദ് തകർക്കപ്പെട്ട് കാൽനൂറ്റാണ്ട് പിന്നിട്ട ദിവസം മുസ്ലിംലീഗ് ഭീകര-വർഗീയ വിരുദ്ധ ദിനമായി ആചരിച്ചു. തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മന്നക്ക് നടന്ന പരിപാടി മണ്ഡലം മുസ്ലിംലീഗ് പ്രസിഡണ്ട് സി.പി.വി.അബ്ദുള്ള ഉദ്ഘാടനം ചെയ്തു. കൊടിയിൽ സലീം അധ്യക്ഷത വഹിച്ചു. മക്തബ് പത്രാധിപർ കെ.സുനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ്, പി.മുഹമ്മദ് ഇഖ്ബാൽ, കെ.വി.അബൂബക്കർ ഹാജി, സമദ് കടമ്പേരി, പി.സി.നസീർ, അലി മംഗര, കെ.പി. ഹനീഫ, റഫീഖ് പറമ്പിൽ, എ.പി. മജീദ്, ഓലിയൻ ജാഫർ, കെ.മുഹമ്മദ്ബഷീർ, സി.പി.ഖാദർ ഹാജി, പറമ്പിൽ അബ്ദുറഹ്മാൻ, പി.പി. ഇസ്മായിൽ, എൻ.യു.ഷഫീഖ് മാസ്റ്റർ, ഉസ്മാൻ കൊമ്മച്ചി സംബന്ധിച്ചു. പി.പി.മുഹമ്മദ് നിസാർ സ്വാഗതവും പി.എം.അസീസ്ഹാജി നന്ദിയും പറഞ്ഞു.

എസ്.ഡി.പി.ഐ തളിപ്പറമ്പ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ടൗൺ സ്ക്വയറിൽ 'രാജ്യം അപമാനിക്കപ്പെട്ട 25 വർഷം' എന്ന പേരിൽ പ്രതിഷേധ ധർണ്ണ നടത്തി. എസ്.ഡി.പി.ഐ ജില്ലാ സെക്രട്ടേറിയറ്റ് അംഗം സജീർ കീച്ചേരി ഉദ്ഘാടനം ചെയ്തു. വെറുപ്പിന്റെയും വിദ്വേഷ്യത്തിന്റെയും പ്രത്യയശാസ്ത്രമാണ് ആർ.എസ്.എസ് രാജ്യത്ത് നടപ്പിലാക്കുന്നതെന്നും ബാബ്റി മസ്ജിദ് യഥാസ്ഥാനത്ത് പുനർനിർമ്മിക്കുക എന്നതാണ് രാജ്യം മുസ്ലിം സമുദായത്തോട് ചെയ്യേണ്ട ഏറ്റവും വലിയ നീതിയെന്നും അദേഹം കൂട്ടിച്ചേർത്തു.

എസ്.ഡി.പി.ഐ മണ്ഡലം പ്രസിഡണ്ട് ഇബ്രാഹിം തിരുവട്ടൂർ അധ്യക്ഷനായി. എസ്.വി.മുഹമ്മദലി സംസാരിച്ചു. സി. ഇർഷാദ് സ്വാഗതവും സി.കെ.മുഹമ്മദ്കുഞ്ഞി നന്ദിയും പറഞ്ഞു.

ഏത് സമുദായത്തിൽപ്പെട്ടവരായാലും
അവർക്ക് അനുയോജ്യമായ വധൂവരന്മാരെ
തെരഞ്ഞെടുക്കുന്നതിന്
അർച്ചന മാര്യേജ് ബ്യൂറോ
കരുവഞ്ചാൽ-വെള്ളരിക്കുണ്ട്
കൊഴുമ്മൽ കുഞ്ഞികൃഷ്ണൻ നമ്പ്യാർ
Mob: 9744674290, 9447647890

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2710
പവന് : 21680
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

കാറിടിച്ച് ബൈക്ക് യാത്രക്കാരന് ഗുരുതരം

പരിയാരം: കാറിടിച്ച് ഗുരുതരമായി പരിക്കേറ്റ ബൈക്ക് യാത്രക്കാരൻ ഇരിട്ടി വിളക്കോട്ടെ ആലക്കൽ വീട്ടിൽ പ്രജിത്ത് (22) നെ മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകുന്നേരം 5.30 ഓടെ കാക്കയങ്ങാടാണ് അപകടം.

പാർട്ണർഷിപ്പ് വാഗ്ദാനം ചെയ്ത് പണം തട്ടിയതിന് കേസ്

കണ്ണൂർ: ലോഡ്ജിൽ പാർട്ണർഷിപ്പ് തരാമെന്ന് പറഞ്ഞ് പണം തട്ടി വഞ്ചിച്ചതിന് കേസ്. കീഴ്ത്തള്ളിയിലെ സർവെ ഡിപ്പാർട്ട്മെന്റ് ജീവനക്കാരൻ സുനിൽ ജോസഫിന്റെ പരാതിയിലാണ് കീഴ്ത്തള്ളി റഷീദ മൻസിലിലെ പി.സലിം, ഭാര്യ റുക്സാന എന്നിവർക്കെതിരെ കേസെടുത്തത്. വടകര റെയിൽവേ സ്റ്റേഷന് സമീപമുള്ള സെഞ്ചുറി ലോഡ്ജിൽ പാർട്ണർഷിപ്പ് തരാമെന്ന് പറഞ്ഞ് കഴിഞ്ഞ വർഷം മുതൽ സുനിൽ ജോസഫിൽ നിന്ന് പ്രതികൾ 30 ലക്ഷത്തോളം രൂപ വാങ്ങിയിരുന്നു. ഒരു മാസം ഒരു ലക്ഷം രൂപ ലാഭം കിട്ടുമെന്ന് പറഞ്ഞ് വഞ്ചിച്ചായിരുന്നു പണം തട്ടിയത്. എന്നാൽ പണമോ പാർട്ണർഷിപ്പോ ഇതുവരെയും ലഭിച്ചിട്ടില്ല.

ചരമം

ഏലിക്കുട്ടി

ആലക്കോട്: തേർത്തല്ലി മൗവത്താനിയിലെ പരേതനായ കൂട്ടുങ്കൽ മാത്യുവിന്റെ ഭാര്യ ഏലിക്കുട്ടി (93) നിര്യാതയായി. കദളിക്കാട് കാലായിൽ കുടുംബാംഗമാണ്. മക്കൾ: ആൻസി (റിട്ട. പോസ്റ്റുമാസ്റ്റർ, പെരുമ്പാവൂർ), ജോസ് (റിട്ട. അസി. രജിസ്ട്രാർ, സഹകരണ വകുപ്പ്), ഫ്രാൻസീസ് (റിട്ട. കൃഷിവകുപ്പ്), ജോണി (റിട്ട. ചീഫ് മാനേജർ, എസ്.ബി.ഐ.പാല), പോൾ (റിട്ട. അധ്യാപകൻ, വയക്കര), മേരി (ഫെഡറൽ ബാങ്ക്, ഉദുമ), ലൗലി (അധ്യാപിക, വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് സ്കൂൾ), ജിമ്മി (ലോക്കോ പൈലറ്റ്, റെയിൽവേ, മംഗലാപുരം), പരേതനായ ജോർജ്. മരുമക്കൾ: ജോർജ് പിട്ടാപ്പള്ളിൽ (റിട്ട. എക്സൈസ് ഇൻസ്പെക്ടർ, പെരുമ്പാവൂർ), ഗ്രേസിക്കുട്ടി കാഞ്ഞിരക്കാട്ട് (റിട്ട, പ്രധാനാധ്യാപിക, മാങ്ങാട് ഈസ്റ്റ് സ്കൂൾ), ഗ്രേസി കൊച്ചുമുറിയിൽ (കണ്ണിവയൽ), ഫിലോമിന തെള്ളിയിൽ (റിട്ട. പ്രൊഫ. പാല സെന്റ് തോമസ് കോളേജ്), ലീലാമ്മ തൈക്കൽ (റിട്ട. അധ്യാപിക, നെല്ലിപ്പാറ), വർഗീസ് കണിയാംപറമ്പിൽ (കൂത്താട്ടുകുളം), ജോസ് മുണ്ടോളിക്കൽ (റിട്ട. നേവി), അന്നമ്മ തെള്ളിയിൽ (സ്റ്റാഫ് നേഴ്സ്, പെരിങ്ങോം താലൂക്ക് ഹോസ്പിറ്റൽ). സംസ്കാരം നാളെ ഉച്ചക്ക് രണ്ട് മണിക്ക് മേരിഗിരി ലിറ്റിൽ ഫ്ളവർ പള്ളിയിൽ.

കുഞ്ഞമ്പു

മോറാഴ: പണ്ണേരിയിലെ സി.പി.ഐ പ്രവർത്തകൻ എം.വി. കുഞ്ഞമ്പു (87) നിര്യാതനായി. ഭാര്യ: പരേതയായ ജാനകി. മക്കൾ: ബാബു (ബോംബെ), വനജ (മാവേലിസ്റ്റോർ, അഞ്ചാംപീടിക), രുഗ്മിണി, രമേശൻ, പുഷ്പലത, സതീശൻ, വിനോദ്, ബീന, ബിജു, ബിന്ദു, സിന്ധു. മരുമക്കൾ: പ്രമീള (കൂളിച്ചാൽ), മോഹനൻ (ഇരിണാവ്), വിദ്യ (കീഴറ), വാസുദേവൻ (റേഷൻ കട, പണ്ണേരി), ഷീബ (കൂവോട്), ഷീന (മാതമംഗലം), പ്രജിത്ത് (തലശേരി), ജിഷ (മുക്കുന്ന്), കൂളിച്ചാലിലെ വിനോദ് (ദുബൈ), രാജീവൻ (കടാങ്കുന്ന്), പരേതനായ സജീവൻ. സഹോദരങ്ങൾ: നാരായണി, മാധവി (കുഞ്ഞരയാൽ), ബാലകൃഷ്ണൻ (മാനന്തവാടി), പരേതനായ കുഞ്ഞിരാമൻ. സംസ്കാരം ഇന്ന് സന്ധ്യക്ക് ഏഴ് മണിക്ക് പണ്ണേരി ശ്മശാനത്തിൽ.

ജോസഫ്

ആലക്കോട്: താവുകുന്നിലെ പായിക്കാട്ട് ജോസഫ് (88) നിര്യാതനായി. ഭാര്യ: പരേതയായ മേരി. മക്കൾ: എത്സമ്മ, ജോർജ്, ടോമി, മോളി. മരുമക്കൾ: ചെറിയാൻ, തങ്കമ്മ, മേഴ്സി, ചാക്കോ. സംസ്കാരം നാളെ വൈകുന്നേരം മൂന്ന് മണിക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് പള്ളിയിൽ.

ജോസഫ്

ആലക്കോട്: ഉദയഗിരി ജയഗിരിയിലെ പരുത്തിപ്പാറ ജോസഫ് (അപ്പച്ചൻ-75) നിര്യാതനായി. ഭാര്യ: തടിക്കടവ് ചോക്കാട്ട് കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: സിബി, സൂസമ്മ. മരുമക്കൾ: ത്രേസ്യാമ്മ കടമക്കുഴ (രയരോം), തങ്കച്ചൻ പറപ്പള്ളിൽ (അരിവിളഞ്ഞപൊയിൽ). സംസ്കാരം നാളെ രാവിലെ 11 മണിക്ക് ജയഗിരി സെന്റ് ആന്റണീസ് പള്ളിയിൽ.

ഓമന

പറശിനിക്കടവ്: കമ്പിൽക്കടവിലെ പരേതനായ കണ്ടൻ കരുണാകരന്റെ ഭാര്യ ഓമന (68) നിര്യാതയായി. തളിപ്പറമ്പ് ഹോട്ടൽ സാമ്രാട്ട് പാർട്ണറാണ്. മക്കൾ: കെ.ദിലീപൻ (അരുണ വുഡ് ഇൻഡസ്ട്രീസ് കുഴിച്ചാൽ), കെ.സന്തോഷ് (മാനേജർ ഹോട്ടൽ സാമ്രാട്ട്), സീന (കൂവേരി), കെ.രാജേഷ് (ബിസിനസ്). മരുമക്കൾ: മംഗള (ചാവശേരി), ജിംന (കാഞ്ഞിരോട്), വിജയൻ (കൂവേരി), ജസ്ന വലിയന്നൂർ (അധ്യാപിക, പി.എച്ച്.എസ് പറശിനിക്കടവ്). സഹോദരങ്ങൾ: ബാലകൃഷ്ണൻ, ശാന്ത (ഇരുവരും മയ്യിൽ), കൗസല്യ (ഇരിണാവ്), പരേതയായ കോമളം). സംസ്കാരം ഇന്ന് വൈകീട്ട് മൂന്ന് മണിക്ക് പറശിനിക്കടവ് പൊതുശ്മശാനത്തിൽ.

അബ്ദുൾകരീം

തളിപ്പറമ്പ: കടമ്പേരിയിലെ പി.പി.അബ്ദുൾകരീം (65) നിര്യാതനായി. ഭാര്യ: സൈനബ. മക്കൾ: നിസാം (അബുദാബി), ഷംന. മരുമക്കൾ: ഇബ്രാഹിം, മുഹ്സിന. സഹോദരങ്ങൾ: അഹമ്മദ്, ഇബ്രാഹിം, മുസ്തഫ, പരേതയായ കദീജ.

സുലൈഖ

തളിപ്പറമ്പ: അമ്മാനപ്പാറയിലെ പുന്നക്കൻ ഹൗസിൽ സുലൈഖ (28) നിര്യാതയായി. പരേതനായ മുഹമ്മദ്കുഞ്ഞി-റുഖിയ്യ ദമ്പതികളുടെ മകളാണ്. ഭർത്താവ്: ഹാരിസ് (കുറ്റിക്കോൽ). മക്കൾ: ജുമാന, സുആദ. സഹോദരൻ: അശ്റഫ് (മുംബൈ).

മറിയാമ്മ

ആലക്കോട്: വായാട്ടുപറമ്പിലെ പരേതനായ വാരിശേരി ദേവസ്യയുടെ ഭാര്യ മറിയാമ്മ (89) നിര്യാതയായി. കീഴൂർ മേച്ചേരിൽ കുടുംബാംഗമാണ്. മക്കൾ: ഐസക്, സിസ്റ്റർ ഡാമിയൻ (ഇന്ത്യൻ ഡെലിഗേറ്റ് ബ്രിജീറ്റൻ കോൺവെന്റ്, ബംഗ്ളൂർ), ജോസഫ്, വത്സമ്മ. മരുമക്കൾ: ഏലിയാമ്മ ഒഴുകയിൽ (കക്കയം), അഡ്വ. സണ്ണി (ഗൂഡല്ലൂർ), പരേതയായ അച്ചാമ്മ കുഴിപതാലിൽ. സംസ്കാരം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് പള്ളിയിൽ.

കൃഷ്ണൻ

തളിപ്പറമ്പ: പയ്യന്നൂർ കണ്ടൻകാളിയിലെ അടിയോടി വീട്ടിൽ എം.കൃഷ്ണൻ അടിയോടി (87) ഇന്ന് രാവിലെ തൃച്ചംബരം പഞ്ചവടിയിലെ മകന്റെ വീട്ടിൽ നിര്യാതനായി. ഭാര്യ: ഭാർഗവി. മക്കൾ: അജയൻ (ചീഫ് മാനേജർ, എസ്.ബി.ഐ നെയ്യാറ്റിൻകര), വനജ (അഹമ്മദാബാദ്), പ്രദീപ്കുമാർ (ഓഫീസ് സൂപ്രണ്ട്, റെയിൽവേ, കണ്ണൂർ), ദീപ (മയ്യിൽ). മരുമക്കൾ: ലത (ടീച്ചർ, ഇരിങ്ങൽ യു.പി സ്കൂൾ), സുരേന്ദ്രൻ (അഹമ്മദാബാദ്), ദീപ (ടീച്ചർ കൊട്ടക്കാനം യു.പി സ്കൂൾ), വത്സൻ (കോ-ഓപ്പറേറ്റീവ് പ്രസ് കണ്ണൂർ). സഹോദരങ്ങൾ: പരേതരായ ജാനകിയമ്മ, പത്മാവതിയമ്മ. സംസ്കാരം നാളെ രാവിലെ 9 മണിക്ക് തൃച്ചംബരം എൻ.എസ്.എസ് സമുദായശ്മശാനത്തിൽ.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 45 RNI Reg.No.KER MAL/2007/22043